
എന്താണ്
നമ്മുടെ
ജീവിതലക്ഷ്യം?

എന്താണ് ഇസ്‌ലാം?

ഇസ്‌ലാം എന്ന അറബിപദത്തിന്റെ അർഥം അനുസരണം, സമർപണം, സമാധാനം എന്നൊക്കെയാണ്. സാങ്കേതികമായി പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിന് സ്വന്തത്തെ സമ്പൂർണമായി സമർപിച്ച് അവനെ പൂർണമായി അനുസരിച്ച് ശാശ്വതവും സുസ്ഥിരവുമായ സമാധാനം നേടുക എന്നതാണ് ഇസ്‌ലാം കൊണ്ടുദ്ദേശിക്കുന്നത്. ഇസ്‌ലാമെന്നത് ഒരു ജീവിത വ്യവസ്ഥയാണ്. ആരാധന, ആചാരാനുഷ്ഠാനം, സ്വഭാവം, സമ്പ്രദായം, പെരുമാറ്റം, തീൻ, കുടി, ഇരുത്തം, കിടത്തം, നടത്തം, ഉറക്കം, ഉണർച്ച, വ്യക്തിജീവിതം, കുടുംബഘടന, സാമൂഹ്യക്രമം, സാമ്പത്തികവ്യവസ്ഥ, ഭരണരീതി, സാംസ്കാരിക വ്യവസ്ഥ, നാഗരീകക്രമം തുടങ്ങി ജീവിതത്തിന്റെ എല്ലാവശങ്ങൾക്കും ആവശ്യമായ ചട്ടങ്ങളും ചിട്ടകളും വ്യവസ്ഥകളും ക്രമങ്ങളും വിധികളും വിലക്കുകളും ഉൾകൊള്ളുന്ന സമഗ്രമായ ജീവിത വ്യവസ്ഥയാണ് ഇസ്‌ലാം.

ആരാണ് മുസ്‌ലിം?

പ്രവാചകൻമാരുടെ വിളിക്കുത്തരം നൽകി സ്രഷ്ടാവായ ദൈവത്തിന് വഴിപ്പെട്ട് ജീവിക്കാൻ സന്നദ്ധരാവുന്നവരാരോ അവരത്രെ മുസ്‌ലിംകൾ. 'മുസ്‌ലിം' എന്ന പദത്തിനർഥം 'അനുസരിക്കുന്നവൻ' എന്നാണ്. സ്രഷ്ടാവായ ദൈവത്തെ അറിഞ്ഞ് അവന്റെ വിധിവിലക്കുകൾ അനുസരിക്കുന്നവനാണ് മുസ്‌ലിം; അങ്ങനെയുള്ളവർ മാത്രമാണ് മുസ്‌ലിംകൾ. അന്ത്യപ്രവാചകൻ നിയോഗിതനായത് അറേബ്യയിലായതിനാലാണ് അദ്ദേഹത്തിന്റെ അനുയായികൾ 'മുസ്‌ലിംകൾ' എന്ന അറബി നാമത്തിൽ അറിയപ്പെട്ടത്. മുഴുവൻ പ്രവാചകൻമാരുടെ അനുയായികളും 'മുസ്‌ലിംകൾ' ആയിരുന്നു എന്ന് ഖുർആൻ പറയുന്നതായി കാണാം. മുസ്‌ലിം എന്നത് ഒരു നിലപാടിന്റെ പേരാണ്; ജാതിപ്പേരല്ല. മുസ്‌ലിമിന്റെ മകനായി ജനിച്ചു എന്നതു കൊണ്ടു മാത്രം മുസ്‌ലിം ആവുകയില്ല; വിശ്വാസവും കർമവുമാണ് ഒരാളെ മുസ്‌ലിമാക്കുന്നത്.

ആരാണ് അല്ലാഹു?

സത്യദൈവം, സാക്ഷാൽദൈവം, പരമേശ്വരൻ എന്നിവക്കുള്ള അറബി നാമമാണ് 'അല്ലാഹു'. 'എല്ലാതരം ആരാധനകളും യഥാർത്ഥത്തിൽ അർഹിക്കുന്നവൻ' എന്നാണ് 'അല്ലാഹു'വെന്ന പദത്തിന്റെ ഭാഷാപരമായ അർഥം. അറബ് നാടുകളിൽ വസിക്കുന്ന അമുസ്ലിംകളും ഏകദൈവത്തെ അല്ലാഹുവെന്നുതന്നെയാണ് വിളിക്കുന്നത്. ലിംഗഭേദമോ ബഹുവചന പ്രയോഗമോ ഇല്ലാത്ത നാമമാണിത്. ദൈവിക മഹത്വത്തെ പൂർണമായി ദ്യോതിപ്പിക്കുന്നതും ഇതര ഭാഷകളിലെ പ്രയോഗങ്ങളെക്കാൾ കൃത്യവുമായതിനാലാണ് അല്ലാഹുവെന്നുതന്നെ ദൈവംതമ്പുരാനെ മുസ്ലിംകൾ സംബോധന ചെയ്യുന്നത്. സാക്ഷാൽ ദൈവത്തെക്കുറിക്കാനല്ലാതെ മറ്റൊന്നിനും ഈ പദം ഉപയോഗിക്കാറുമില്ല.

എന്താണ് നമ്മുടെ ജീവിതലക്ഷ്യം?

നമ്മൾ ഇന്ന് ജീവിച്ചിരിപ്പുണ്ട് എന്നതൊരു സത്യമാണ്. നാളെ നമ്മളെല്ലാവരും മരിക്കുമെന്നതും മറ്റൊരു സത്യം. ചോദ്യം ഇതാണ് - നമ്മൾ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നത് ഒരു ലക്ഷ്യവുമില്ലാതെയാണോ? അതോ നമ്മുടെ നിലനിൽപ്പിന് പിന്നിൽ എന്തെങ്കിലും ലക്ഷ്യമുണ്ടോ?

നമുക്ക് ചുറ്റുമൊന്ന് കണ്ണോടിക്കാം. ഒരു കാരണവും ലക്ഷ്യവുമില്ലാതെ ഇവിടെ എന്തെങ്കിലും സംഭവിക്കുന്നതായി നാം കാണുന്നുണ്ടോ? 'ഇല്ല' എന്നതാണുത്തരം. ലക്ഷ്യമില്ലാതെ ഒന്നുംതന്നെ നമുക്ക് ചുറ്റും സംഭവിക്കുന്നില്ല. പിന്നെങ്ങനെയാണ് മനുഷ്യരാശി മുഴുവനും ഒരു ലക്ഷ്യവുമില്ലാതെയാണ് ഉണ്ടായതെന്ന് കരുതാൻ കഴിയുക? അതെ; നാം ഇവിടെ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടതിന് കൃത്യമായ ഒരു ലക്ഷ്യമുണ്ട്! വളരെ വൈകുന്നതിന് മുമ്പ് ആ ലക്ഷ്യം കണ്ടെത്തേണ്ടത് ഓരോ മനുഷ്യനും പ്രധാനമാണ്!

നമ്മൾ ഈ ഭൂമിയിൽ എത്തിയത് നമ്മുടെ സ്വന്തം ഇഷ്ടപ്രകാരമല്ല. നമ്മുടെ സ്വന്തം ആഗ്രഹം നിമിത്തം നാമാരും ഈ ലോകം വിട്ടുപോകുകയുമില്ല. നമ്മുടെ ജനനത്തെയും മരണത്തെയും നിയന്ത്രിക്കുന്ന സ്രഷ്ടാവിന്റെ - ഒരു പരമോന്നത വ്യക്തിയുടെ - സാന്നിധ്യം അത് സൂചിപ്പിക്കുന്നു. ആ സ്രഷ്ടാവ് നമ്മെ പരീക്ഷിക്കുന്നതിന് വേണ്ടി ഈ ഭൂമിയിൽ സൃഷ്ടിച്ചിരിക്കുന്നു. ഈ പരീക്ഷണത്തിൽ മനുഷ്യരെ നേർവഴിയിലേക്ക് നയിക്കാൻ അവൻ നമ്മുക്ക് ശരിയും തെറ്റും, നല്ലതും ചീത്തയും സംബന്ധിച്ച് ഉത്ബോധനം നൽകുകയും ചെയ്തിരിക്കുന്നു.

“മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു."

(ഖുർആൻ 91:7-8)

കൂടാതെ, മനുഷ്യനു വേണ്ടി മനുഷ്യരിൽ നിന്നുതന്നെ ചിലരെ

തിരഞ്ഞെടുക്കുകയും അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന സന്ദേശവാഹകരിലൂടെ തന്റെ മാർഗനിർദേശം മനുഷ്യരാശിക്ക് കൈമാറുകയും ചെയ്യുന്നു. മനുഷ്യരാശിയെ നയിക്കാൻ ദൈവം വേദഗ്രന്ഥങ്ങളുടെ ഒരു പരമ്പരയും അവതരിപ്പിച്ചു. ഇത്തരം സന്ദേശവാഹകർ പുരാതന ഇന്ത്യയിൽ 'ഋഷികൾ' എന്നും മറ്റിടങ്ങളിൽ 'പ്രവാചകന്മാർ' എന്നും വിളിക്കപ്പെടുന്നു.
പ്രവാചകത്വത്തിന്റെ ഈ പരമ്പരയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് (സ) എന്ന മനുഷ്യൻ. 1400 വർഷങ്ങൾക്ക് മുമ്പ് അറേബ്യയിലെ മരുഭൂമിയിൽ ജനിച്ച അക്ഷരജ്ഞാനമില്ലാത്ത അദ്ദേഹത്തിനാണ് അവസാനമായി ദൈവവചനങ്ങൾ വെളിപ്പെട്ടത്. ആ വെളിപാടാണ് പരിശുദ്ധ ഖുർആൻ - നമ്മുടെ സ്രഷ്ടാവിൽ നിന്നുള്ള വചനങ്ങൾ. ഒരു മാറ്റവുമില്ലാതെ കഴിഞ്ഞ 1400 വർഷങ്ങളായി അതേ സ്രഷ്ടാവ് തന്നെ ആ ഗ്രന്ഥം സംരക്ഷിക്കുകയും ചെയ്തിരിക്കുന്നു.

"തീർച്ചയായും നാമാണ് ആ ഉൽബോധനം (ഖുർആൻ) അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്."

(ഖുർആൻ 15:9)

അറബി ഭാഷയിൽ 'അല്ലാഹു' എന്ന് വിളിക്കപ്പെടുന്ന സ്രഷ്ടാവും സർവ്വശക്തനുമായ ദൈവത്തിൽ നിന്ന് മനുഷ്യരാശിക്ക് മുഴുവനുമുള്ള അവസാനത്തെ സന്ദേശമാണ് ഈ ഖുർആൻ. അതുകൊണ്ടുതന്നെ, നമ്മുടെ ജീവിതത്തിന്റെ സുസ്ഥിരമായ ഉദ്ദേശ്യം എന്താണെന്നും, മരണശേഷം നമുക്ക് എന്ത് സംഭവിക്കുമെന്നുമൊക്കെ ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായവനിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാം.

നമ്മുടെ നിലനിൽപ്പിന്റെ ഉദ്ദേശ്യം

ഖുർആനിൽ, ദൈവം തമ്പുരാൻ നമ്മുടെ നിലനിൽപ്പിന്റെ ഉദ്ദേശ്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്:

"(അവനാണ്) മരണവും ജീവിതവുമുണ്ടാക്കിയവൻ - നിങ്ങളിൽ ആരാണ് ഭംഗിയായി പ്രവർത്തിക്കുന്നതെന്ന് പരീക്ഷിക്കാൻ."

(ഖുർആൻ 67:2)

അതെ, പ്രിയ സഹോദരീ സഹോദരന്മാരേ - ഈ ജീവിതം ഒരു പരീക്ഷണമാണ്! ഒരാൾ സൽക്കർമങ്ങളാണോ അതോ ദുഷ്പ്രവൃത്തികളാണോ അനുഷ്ഠിക്കുന്നത്, അവൻ സത്യത്തെയാണോ അതോ അസത്യത്തെയാണോ പിന്തുടരുന്നത് എന്ന് കണ്ടെത്തുന്നതിനുള്ള പരീക്ഷണം. അതിനാൽ ഈ ഭൗതികജീവിതം ഒരു പരീക്ഷയാണ്; ഈ പരീക്ഷയിൽ വിജയിക്കുക എന്നതാണ് ഈ ഭൂമിയിൽ മനുഷ്യരുടെ ലക്ഷ്യം.

ഫല ദിനം

ചോദ്യം - എപ്പോഴാണ് ഈ പരീക്ഷയുടെ ഫലം പ്രഖ്യാപിക്കപെടുക? സ്രഷ്ടാവായ ദൈവംതന്നെ തരുന്ന മറുപടി കാണുക:

"സമസ്ത മനുഷ്യരും മരണം രുചിക്കേണ്ടവരാകുന്നു. നിങ്ങളെല്ലാവരുടെയും കർമഫലം അന്ത്യനാളിൽ പരിപൂർണമായി നൽകപ്പെടും. അവിടെ നരകാഗ്നിയിൽനിന്ന് അകറ്റപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തവനാരോ, അവനത്രെ യഥാർഥത്തിൽ വിജയം നേടിയവൻ. ഈ ഭൗതികജീവിതമാകട്ടെ, വഞ്ചനാത്മകമായ ചരക്കു മാത്രമാകുന്നു."

(ഖുർആൻ 3:185)

ഇഹലോകജീവിതത്തിനു ശേഷം മരണാനന്തര ജീവിതമുണ്ട്. ഒന്നാമത്തെ മനുഷ്യനായ ആദം(അ) മുതൽ അവസാനത്തെ മനുഷ്യനടക്കം മുഴുവൻപേർക്കും മരണശേഷം വിധിദിനത്തിൽ ജീവൻ തിരികെ നൽകപ്പെടും.

"നിസ്സംശയം, വിധിദിനം സുനിശ്ചിതമാകുന്നു. കാഹളം ഊതപ്പെടുന്ന നാളിൽ നിങ്ങൾ കൂട്ടംകൂട്ടമായി പുറപ്പെട്ടുവരും."

(ഖുർആൻ 78:17-18)

അങ്ങനെ ഒരിക്കൽ കൂടി നമുക്ക് ജീവൻ നൽകപ്പെടും. എന്നാൽ കർമങ്ങൾ ചെയ്യാനുള്ള അവസരം അന്നുണ്ടാകില്ല. അന്നേ ദിവസം നമുക്ക് നമ്മുടെ സമ്പത്തോ വസ്തുക്കളോ ബന്ധുക്കളോ ഭാര്യാഭർത്താക്കന്മാരോ മാതാപിതാക്കളോ സുഹൃത്തുക്കളോ കൂട്ടിനുണ്ടാകില്ല. ആ ദിവസം എല്ലാവരും തനിച്ചായിരിക്കും; നമ്മുടെ കൂടെയുണ്ടാവുക നമ്മുടെ കർമ്മഫലങ്ങൾ മാത്രമായിരിക്കും.

വീണ്ടും ജീവനോടെ? അത് സാധ്യമാണോ?

മരിച്ച് മണ്ണായതിനു ശേഷം പുനരുജ്ജീവിപ്പിക്കപ്പെടുകയോ എന്ന് മുഹമ്മദ് നബിയോടും അന്നത്തെ ആളുകൾ സംശയം പ്രകടിപ്പിച്ചിരുന്നു. ഇല്ലായ്മയിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന് അത് ആവർത്തിക്കാൻ പ്രയാസമില്ല എന്നാണ് അന്ന് നൽകിയ സമാധാനം. ഇതിനപ്പുറം യുക്തിബോധത്തെ

ഞെക്കിപ്പിഴിയാനൊന്നും ദൈവം ശ്രമിച്ചിട്ടില്ല. പരലോകം സാമാന്യ യുക്തിയുടെ തേട്ടമായത് കൊണ്ടാകാം ഇത്.

"അവനാകുന്നു ആദിയിൽ സൃഷ്ടിക്കുന്നത്. പിന്നീട് അവൻതന്നെ അത് പുനഃസൃഷ്ടിക്കുന്നു. ഇത് അവന് അതീവ ലളിതമാകുന്നു..."

(ഖുർആൻ 30:27)

എന്താണ് ഈ സാമാന്യയുക്തി? സുകൃതം ചെയ്തവന് ഉചിതമായ പ്രതിഫലം കിട്ടണം. പാപം ചെയ്തവന് ശിക്ഷയും. രണ്ടുപേരുടെയും പര്യവസാനം ഒരുപോലെയായാൽ പറ്റില്ല. ഇഹലോകത്ത് ഇതിനൊന്നും സംവിധാനമില്ല. പരലോകത്തിന്റെ അഭാവത്തിൽ ഇഹലോകജീവിതം തീർത്തും അസംബന്ധമായിത്തീരും.

ലോകാവസാനത്തെപ്പറ്റിയും പുനരുജ്ജീവനത്തെപ്പറ്റിയും ശാസ്ത്രം പഴയപോലെ അന്ധമല്ല ഇന്ന്. പുതിയ കണ്ടെത്തലുകൾ അവയുടെ സാധ്യതയിലേക്ക് സൂചനകൾ നൽകിയിട്ടുണ്ട്. പുനഃസൃഷ്ടിയുടെ നിഷേധത്തെ ഒരു നിലക്കും

അനുകൂലിക്കുന്നില്ല ഈ പുതിയ കണ്ടെത്തലുകൾ. എന്നാലും മരണാനന്തര ജീവിതം ശാസ്ത്രത്തിന് പുറത്തുള്ള ഒരു വിഷയമായി അവശേഷിക്കുകയാണ്. വിശ്വാസ മേഖലയിലാണ് ഇപ്പോഴും അതിന്റെ സ്ഥാനം.

വിധി നിർണയം

“അപ്പോൾ അണുഅളവ് നന്മ ചെയ്തിട്ടുള്ളവൻ അതവിടെ കാണും. അണുഅളവ് തിന്മ ചെയ്തിട്ടുള്ളവൻ അതും കാണും” *(ഖുർആൻ 99:7-8)*
അന്നേ ദിവസം നമ്മുടെ കർമ്മങ്ങളുടെ രേഖ നമ്മുടെ മുമ്പിൽ ഹാജരാക്കപ്പെടും. എല്ലാവർക്കും കൃത്യമായ നീതി ലഭിക്കും.

"അന്നേ ദിവസം അവരുടെ വായകൾ നാം മൂടിക്കെട്ടുന്നു. അവരുടെ കരങ്ങൾ നമ്മോടു സംസാരിക്കും; കാലുകൾ സാക്ഷിനിൽക്കുകയും ചെയ്യും, അവർ ഇഹലോകത്ത് നേടിക്കൊണ്ടിരുന്നത് എന്തായിരുന്നുവെന്ന്."
(ഖുർആൻ 36:65)

വിധിക്ക് ശേഷം നമ്മുടെ സ്ഥിരം വാസസ്ഥലം നമ്മുടെ സത്കർമങ്ങളുടെ തോതനുസരിച്ച് തീരുമാനിക്കപ്പെടും. അത് ഒന്നുകിൽ സ്വർഗ്ഗമോ നരകമോ ആയിരിക്കും!

“പിന്നെ ആരുടെ തട്ട് ഭാരം തൂങ്ങുന്നുവോ (സൽകർമ്മങ്ങളോടെ) അവൻ സന്തുഷ്ടമായ ജീവിതത്തിലേക്കു കടക്കുന്നു. ആരുടെ തട്ട് ഭാരശൂന്യമാകുന്നുവോ, അവന്റെ താവളം അഗാധഗർത്തമാകുന്നു. അതെന്താണെന്ന് നിനക്കെന്തറിയാം? ആളിക്കത്തുന്ന നരകമാണത്!!."

(ഖുർആൻ 101:6-11)

തീർച്ചയായും!

സഹോദരീ സഹോദരന്മാരേ, ഇതെല്ലാം തീർച്ചയായും സംഭവിക്കും.
**“നിശ്ചയം,
ഉയിർത്തെഴുന്നേൽപിന്റെ നാഴിക വന്നെത്തുകതന്നെ ചെയ്യും.
അതിൽ ഒരു സംശയവുമില്ല.**

പക്ഷേ, അധികജനവും വിശ്വസിക്കുന്നില്ല." *(ഖുർആൻ 40:59)*

അതെ, 'എന്റെ സ്രഷ്ടാവിനാൽ ഞാൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു' എന്ന തിരിച്ചറിവ് എല്ലാവരിലും ഉദിക്കും. അത് തെറ്റ് ചെയ്തയാളെ സംബന്ധിച്ചിടത്തോളം കഠിനമായ ഖേദത്തിന്റെ ദിവസമായിരിക്കും.

"നിഷേധികൾക്കത് കൊടുമയേറിയ ദിനമായിരിക്കും. ധിക്കാരിയായവൻ സ്വന്തം കൈ കടിക്കുന്ന ദിവസം. അവൻ കേഴും: 'ഹാ കഷ്ടം! ഞാൻ ദൈവദൂതന്റെ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ!''
(ഖുർആൻ 25:27)

"ആ നിമിഷം നിലവിൽവരും നാളിൽ കുറ്റവാളികൾ വിഭ്രാന്തരായിത്തീരുന്നു."
(ഖുർആൻ 30:12).

എന്താണ് സ്വർഗ്ഗം?

ഇഹലോക ജീവിതത്തിൽ സത്യവും ധർമവും നീതിയും മുറുകെപ്പിടിച്ച് സൂക്ഷ്മമായി ജീവിച്ചവർക്ക്

മരണാനന്തരം ദൈവത്തിൽ നിന്നുള്ള സമ്മാനമാണ് സ്വർഗം.

ഖുർആൻ അത് സംബന്ധമായി പറയുന്നു:
"നിങ്ങൾ നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമികളുടെ വിശാലതതയുള്ള സ്വർഗത്തിലേക്കും കുതിക്കുക. അത് സൂക്ഷ്മാലുക്കൾക്കായി ഒരുക്കിവെച്ചിട്ടുള്ളതാകുന്നു"
(ഖുർആൻ 3:13)

സ്വർഗാവസ്ഥയുടെ ചില വിവരണങ്ങൾ ഖുർആനിൽ ഇങ്ങനെ കാണാം: "**അവരതിൽ അത്യുഷ്ണമോ അതിശൈത്യമോ അനുഭവിക്കുകയില്ല"** *(ഖുർആൻ 76:13).*

"അവരവിടെ അപശബ്ദങ്ങളോ പാപവാക്കുകളോ കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്ന അഭിവാദ്യമല്ലാതെ" *(ഖുർആൻ 56:25-26).*

"അവയുടെ താഴ്ഭാഗത്തുകൂടി ഒഴുകുന്ന അരുവികളുണ്ട്. അവരതിൽ നിത്യവാസികളായിരിക്കും.

നിത്യമായ സ്വർഗത്തിൽ
ഉൽകൃഷ്ടമായ ഭവനങ്ങൾ
അവർക്കുണ്ട്" *(ഖുർആൻ 9:72).*

"നിശ്ചയം ഭയഭക്തിയുള്ളവർ
തോട്ടങ്ങളിലും
അരുവികളിലുമായിരിക്കും"
(ഖുർആൻ 51:15).

"അവർക്കവിടെ പഴങ്ങളുണ്ട്.
എന്താവശ്യപ്പെടുന്നുവോ,
അതെല്ലാം" *(ഖുർആൻ 36:57).*

"അവരെയവിടെ സ്വർണവളകളും
രത്നങ്ങളും അണിയിക്കും.
അവരുടെ വസ്ത്രങ്ങൾ മിനുത്ത
പട്ടുകൊണ്ടുള്ളവയായിരിക്കും"
(ഖുർആൻ 22:23).

"അവരും അവരുടെ ഇണകളും
സ്വർഗത്തണലുകളിൽ
കട്ടിലുകളിൽ
ചാരിയിരിക്കുന്നവരായിരിക്കും"
(ഖുർആൻ 36:56).

സ്ഥലകാല പരിമിതികളുള്ള ഭൗതിക ലോകത്തിരുന്ന് വിഭാവന ചെയ്യാവുന്ന ലോകമല്ല സ്വർഗം. അതുകൊണ്ടാണ് "ഒരു കണ്ണും കാണാത്ത, ഒരു കാതും കേൾക്കാത്ത, ഒരു

മനുഷ്യഹൃദയത്തിലും ഉദിക്കാത്ത" എന്ന് സ്വർഗത്തെ പറ്റി പ്രവാചകൻ പറഞ്ഞത്. കണ്ട ഒന്നിനെ ഉദാഹരിച്ചുകൊണ്ടല്ലാതെ കാണാത്ത ഒന്നിനെ പരിചയപ്പെടുത്താനാവില്ല എന്നതിനാലാണ് മനുഷ്യനു പരിചയമുള്ള ഭൂമിയിലെ സുഖസൗകര്യങ്ങളും മറ്റും പറഞ്ഞുകൊണ്ട് ഖുർആൻ സ്വർഗത്തെ വിവരിക്കുന്നത്. എന്നാൽ "ഭൂമിയിലുള്ള ഒന്നും സ്വർഗത്തിൽ ലഭിക്കുകയില്ല, പേരിലല്ലാതെ" എന്ന പ്രവാചകവചനം ഉദാഹരണങ്ങളുടെ പരിമിതിയെ ആണ് ബോധ്യപ്പെടുത്തുന്നത്.

എന്താണ് നരകം?

സ്വർഗ്ഗത്തെക്കുറിച്ച് പറഞ്ഞതോടൊപ്പം, ഈ പരീക്ഷയിൽ പരാജയപ്പെടുന്നവരുടെ ശാശ്വത വാസസ്ഥലമായ നരകത്തെക്കുറിച്ച് ഖുർആൻ ശക്തമായി മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. ഇഹലോക ജീവിതത്തിൽ സത്യം, ധർമം, നീതി തുടങ്ങിയ മൂല്യങ്ങളെ തള്ളിപ്പറഞ്ഞ അധർമികൾക്ക് മരണാനന്തരം ദൈവത്തിൽ നിന്നുള്ള ശിക്ഷയുടെ ലോകമാണ് നരകം.

ഖുർആൻ അത് സംബന്ധമായി പറയുന്നു:
“എന്നാൽ അധർമം പ്രവർത്തിച്ചവരുടെ താവളം നരകമാണ്. അവരതിൽനിന്ന് പുറത്തുകടക്കാനാഗ്രഹിക്കുമ്പോഴെല്ലാം അവരെ അതിലേക്കുതന്നെ തിരിച്ചയക്കും. അവരോടിങ്ങനെ പറയും: ‘നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന ആ നരകശിക്ഷ ആസ്വദിച്ചുകൊള്ളുക’” *(ഖുർആൻ 32:20)*

ഇങ്ങനെ നരകീയ ജീവിതാവസ്ഥയെ സംബന്ധിച്ച് പലവിധത്തിൽ ഖുർആൻ വിവരിച്ചതായി കാണാം: **“തങ്ങളുടെ നാഥനെ നിഷേധിക്കുന്നവർക്ക് നരകശിക്ഷയാണുള്ളത്. മടങ്ങിച്ചെല്ലാനുള്ള ആ ഇടം വളരെ ചീത്തതന്നെ. അതിലേക്ക് എറിയപ്പെടുമ്പോൾ അതിന്റെ ഭീകര ഗർജനം അവർ കേൾക്കും. അത് തിളച്ചുമറിയുകയായിരിക്കും. ക്ഷോഭത്താൽ അത് പൊട്ടിത്തെറിക്കാറാകും”** *(ഖുർആൻ 67:6-8).*

“അവനോ, കഠിനമായ നരകത്തീയിൽ കിടന്നെരിയുന്നവൻ. പിന്നീട് അവനതിൽ മരിക്കുകയില്ല; ജീവിക്കുകയുമില്ല” *(ഖുർആൻ 87:12-13).*

“നമ്മുടെ പ്രമാണങ്ങളെ തള്ളിക്കളഞ്ഞവരെ നാം നരകത്തീയിലെറിയും; തീർച്ച. അവരുടെ തൊലി വെന്തെരിയുമ്പോൾ അവർക്ക് നാം പകരം ചർമങ്ങൾ നൽകും. അവർ ശിക്ഷ അനുഭവിക്കുന്നതിന് വേണ്ടി” *(ഖുർആൻ 4:56).*

“തിളച്ചു മറിയുന്ന ഉറവയിൽനിന്നാണവർക്ക് കുടിക്കാൻ കിട്ടുക. കയ്പുള്ള മുൾചെടിയിൽ നിന്നല്ലാതെ അവർക്കൊരാഹാരവുമില്ല”

(ഖുർആൻ 88:5-6).

നരകീയ ജീവിതത്തിന്റെ ഭയാനകത പലവിധത്തിൽ ഖുർആൻ വിവരിച്ചിട്ടുണ്ട്. മുകളിൽ സ്വർഗത്തെ കുറിച്ച് പരാമർശിച്ചതുപോലെ ഇതൊക്കെ നമുക്ക് മനസ്സിലാക്കാൻ വേണ്ടിയുള്ള ചില ഉപമകളാണ്.

യഥാർത്ഥത്തിൽ നരകം നമുക്ക്
സങ്കൽപ്പിക്കാൻ കഴിക്കുന്നതിനേക്കാൾ
ഭയാനകവും
പ്രയാസകരവുമായിരിക്കും.

ഒരു തികഞ്ഞ യാഥാർത്ഥ്യം

പ്രിയ സഹോദരീ സഹോദരന്മാരേ,
ന്യായവിധി ദിനവും സ്വർഗവും
നരകവും വ്യാമോഹങ്ങളോ
സ്വപ്നങ്ങളോ കെട്ടുകഥകളോ അല്ല.
നമ്മുടെ ഇന്നത്തെ ജീവിതം പോലെ
അവയും യഥാർത്ഥമാണ്. നമ്മുടെ
കർമ്മങ്ങൾക്കനുസരിച്ചുള്ള ശിക്ഷയോ
പ്രതിഫലമോ തീർച്ചയായും നമ്മുടെ
ശരീരം വഹിക്കുകതന്നെ ചെയ്യും.
ഇവിടെ നമ്മൾ നമ്മുടെ ശരീരത്തെയും
ജീവനെയും സംബന്ധിച്ച് എത്രമാത്രം
ശ്രദ്ധാലുക്കളാണ്. എന്തുകൊണ്ട്
ശാശ്വതമായ രക്ഷക്കുവേണ്ടി കൂടുതൽ
നല്ല പ്രവൃത്തികൾ ചെയ്കുകൂടാ? സ്വർഗം
ഒരു യാഥാർഥ്യമാണെന്ന പോലെ
നരകവും ആണെന്നതിനാൽ
പ്രവാചകൻ ഏറ്റവും അധികം
പ്രാർഥിക്കാറുണ്ടായിരുന്നത്:
“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു
നീ ഇഹലോകത്ത് നല്ലതു തരേണമേ,
പരലോകത്തും നല്ലതു തരേണമേ,

ഞങ്ങളെ നീ നരകശിക്ഷയിൽ നിന്ന് രക്ഷിക്കുകയും ചെയ്യേണമേ" എന്നാണ്.

എണ്ണിയാലൊടുങ്ങാത്ത ദൃഷ്ടാന്തങ്ങൾ!

ഇന്ന് നമുക്ക് സർവശക്തനായ ദൈവത്തെയോ, ന്യായവിധിയുടെ ദിവസത്തെയോ, സ്വർഗ്ഗമോ നരകമോ ഒന്നും കാണാൻ കഴിയില്ല. അതുതന്നെയാണ് പരീക്ഷണം! ഇപ്പറഞ്ഞതെല്ലാം സംഭവിക്കുന്നത് മനുഷ്യരാശി കാണുന്ന ദിവസം - അന്നു ഒരാളും അവയിൽ അവിശ്വസിക്കില്ല. എന്നാൽ നമ്മുടെ സമയപരിധി അവസാനിച്ചതിന് ശേഷം വിശ്വസിച്ചതുകൊണ്ടു കാര്യമില്ല. അവ അദൃശ്യമായിരിക്കുമ്പോൾതന്നെ അവയിൽ വിശ്വസിക്കുക എന്നതാണ് പരീക്ഷണം. അതേസമയം, സത്യങ്ങൾ ബോധ്യപ്പെടാൻ നമുക്ക് ചുറ്റും വ്യക്തമായ അനേകായിരം ദൃഷ്ടാന്തങ്ങളുണ്ട്. 100 വർഷം മുമ്പ് നമ്മൾ എന്തായിരുന്നു? ഒന്നുമല്ല!. വെറും ശൂന്യതയിൽ നിന്നും സൃഷ്ടിക്കപ്പെട്ട് ഇന്ന് കാണുന്ന രീതിയിൽ കാഴ്ചയും കേൾവിയും

ബുദ്ധിയും ശക്തിയുമുള്ളവരായി നമ്മൾ മാറിയതെങ്ങനെ? ആരാണ് ഇതൊക്കെ സൃഷ്ടിച്ചതും സംവിധാനിച്ചതും? തീർച്ചയായും, അവനാണ് നമ്മുടെ സ്രഷ്ടാവ്!

“മനുഷ്യൻ കണ്ടില്ലയോ, നാമവനെ ശുക്ലകണത്തിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ടവനിതാ തെളിഞ്ഞ കുതർക്കിയായിരിക്കുന്നു; നമുക്കുദാഹരണങ്ങൾ ചമയ്ക്കുന്നു. സ്വന്തം ജനനത്തെ അവൻ മറന്നുകളഞ്ഞു. 'ദ്രവിച്ചുകഴിഞ്ഞ അസ്ഥികളെ ജീവിപ്പിക്കുന്നവനാര്' എന്നവൻ ചോദിക്കുന്നു. അവനോട് പറയുക: നേരത്തേ അതിനെ സൃഷ്ടിച്ചവനാരോ അവൻതന്നെ പുനർജീവിപ്പിക്കും." *(ഖുർആൻ 36:77-79)*

ഈ പരീക്ഷയിൽ വിജയിക്കാൻ നമ്മൾ എന്താണ് ചെയ്യേണ്ടത്?

സ്രഷ്ടാവിനെ അനുസരിച്ചുള്ള ജീവിതം നയിക്കുകയാണ് ഈ പരീക്ഷയിൽ വിജയിക്കാനുള്ള ഒരേയൊരു മാർഗം. ഇതിനെയാണ് അറബി ഭാഷയിൽ 'ഇസ്ലാം' എന്ന് വിളിക്കുന്നത്.

ആദ്യമായി നാം നമ്മുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവൻ അയച്ച സന്ദേശവാഹകരെയും സന്ദേശങ്ങളെയും സ്വീകരിക്കുകയും വേണം. എന്നിട്ട് അവന്നു കീഴ്പെട്ട് അവൻ നമ്മോട് ആവശ്യപ്പെടുന്നതെല്ലാം അനുസരിക്കണം; അവൻ നിരോധിക്കുന്ന പ്രവൃത്തികളിൽ നിന്ന് അകന്നുനിൽക്കുകയും വേണം. സ്വന്തം ഇഷ്ടത്തിനോ സമൂഹത്തിനോ അനുസരിച്ച് നന്മയും തിന്മയും തീരുമാനിക്കാൻ മനുഷ്യന് കഴിയില്ല. നമ്മുടെ അവസാന മടങ്ങിവരവ് സർവ്വശക്തനായ ദൈവത്തിലേക്കായതിനാൽ, ഈ പരീക്ഷയിൽ വിജയിക്കാൻ നാം അവന്റെ മാർഗനിർദേശത്തെ പൂർണ്ണമായും പിൻപറ്റണം.

"മാർഗങ്ങളിൽ വക്രമായതും ഉണ്ടായിരിക്കെ, നേർമാർഗം കാണിച്ചുകൊടുക്കുക അല്ലാഹുവിന്റെ ചുമതലയാകുന്നു." *(ഖുർആൻ 16:9)*

"നിസ്സംശയം, നേർവഴി പറഞ്ഞുതരേണ്ടത് നമ്മുടെ

ചുമതലയത്രെ. യഥാർഥത്തിൽ പരത്തിന്റെയും ഇഹത്തിന്റെയും ഉടമസ്ഥൻ നാം തന്നെയാകുന്നു."

(ഖുർആൻ 92:12-13)

ദൈവത്തിന്റെ യഥാർത്ഥ മാർഗദർശനം എവിടെ കണ്ടെത്താം?

സ്രഷ്ടാവ് തന്റെ ദൂതന്മാരെയും സന്ദേശങ്ങളും പല സമയങ്ങളിലായി എല്ലാ നാടുകളിലേക്കും അയച്ചുകൊണ്ടിരുന്നു എന്നത് ശരിയാണ്, ആ ദൂതന്മാരെ പിൻപറ്റിയവരൊക്കെ അക്കാലത്ത് യഥാർത്ഥ വിശ്വാസികൾ തന്നെയായിരുന്നു. എന്നാൽ പിന്നീടുള്ള തലമുറകൾ അറിവില്ലായ്മ കൊണ്ടോ ജനങ്ങളെ ചൂഷണം ചെയ്യാൻ വേണ്ടിയോ ദൈവിക അദ്ധ്യാപനങ്ങളെ വളച്ചൊടിച്ചു. മനുഷ്യരുടെ കൈകടത്തലുകൾ സംഭവിക്കാതെ ഇന്നും നിലനിൽക്കുന്ന ദൈവത്തിന്റെ മാർഗദർശനങ്ങൾ കണ്ടെത്താനാവുന്നത് ദൈവത്തിന്റെ അവസാന പ്രവാചകനായ മുഹമ്മദ്

നബിക്ക് ഇറക്കപ്പെട്ട വേദഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ മാത്രമാണ് .

ഖുർആനെ കുറിച്ച് ദൈവം പറയുന്നു:
"ഇത് അല്ലാഹുവിന്റെ വേദമാകുന്നു. ഇതിൽ സംശയമില്ലതന്നെ. ഭക്തജനങ്ങൾക്ക് സന്മാർഗദർശകമത്രെ ഇത്."

(ഖുർആൻ 2:2)

അതിൽ വിശ്വസിക്കാത്തവരെ ഖുർആൻ വെല്ലുവിളിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു:
"നാം നമ്മുടെ ദാസന് അവതരിപ്പിച്ചിട്ടുള്ള ഈ വേദത്തെക്കുറിച്ച്, അതു നമ്മിൽനിന്നുള്ളതുതന്നെയോ എന്നു നിങ്ങൾ സംശയിക്കുന്നുവെങ്കിൽ, അതുപോലുള്ള ഒരധ്യായമെങ്കിലും രചിക്കുവിൻ. അതിന് ഏകനായ അല്ലാഹുവിനെ കൂടാതെ, നിങ്ങൾക്ക് ഇഷ്ടമുള്ള സകല കൂട്ടാളികളുടെയും സഹായം തേടിക്കൊള്ളുക. നിങ്ങൾ സത്യവാന്മാരെങ്കിൽ അതു ചെയ്തുകാണിക്കൂ. അതു

ചെയ്യുന്നില്ലെങ്കിൽ - ഒരിക്കലും നിങ്ങൾക്കതു ചെയ്യാൻ കഴിയുകയില്ല - മനുഷ്യനും കല്ലുകളും വിറകായിട്ടുള്ള ആ തീയെ കാത്തുകൊള്ളുക. അതു സത്യനിഷേധികൾക്കുവേണ്ടി ഒരുക്കപ്പെട്ടതാകുന്നു." *(ഖുർആൻ 2:23-24).*

സർവ്വശക്തനായ ദൈവം തന്റെ പുസ്തകത്തിൽ വളരെ ആധികാരികമായി പ്രഖ്യാപിക്കുന്നു: **"അല്ലാഹുവിങ്കൽ ദീൻ (മതം) ഇസ്ലാം മാത്രമാകുന്നു. വേദം ലഭിച്ചവർ ഈ ദീനിൽനിന്ന് വ്യതിചലിച്ച് ഭിന്നമാർഗങ്ങൾ സ്വീകരിച്ചതിന്റെ കാരണം, തങ്ങൾക്കു ജ്ഞാനം അവതരിച്ചുകിട്ടിയിട്ടും അവർ പരസ്പരം പോരിനൊരുമ്പെട്ടതുമാത്രമാകുന്നു."** *(ഖുർആൻ 3:19)*

അതായത്, അവന്റെ പ്രവാചകന്മാരിലൂടെ കാണിക്കുന്ന അനുസരണത്തിന്റെയോ സമർപ്പണത്തിന്റെയോ മാർഗം മാത്രമാണ് ദൈവത്തിന് സ്വീകാര്യമായത്. അവൻ

ചോദിക്കുകയും മുന്നറിയിപ്പ്
നൽകുകയും ചെയ്യുന്നു:
**“ഈ ജനം അല്ലാഹുവിനുള്ള
അനുസരണത്തിന്റെ മാർഗം
(അല്ലാഹുവിന്റെ ദീൻ) വെടിഞ്ഞ്
മറ്റേതെങ്കിലും മാർഗം
കാംക്ഷിക്കുകയാണോ? വാന-
ഭുവനങ്ങളിലുള്ളതൊക്കെയും
ബോധപൂർവമായും അല്ലാതെയും
അവന്റെമാത്രം
ആജ്ഞാനുവർത്തി(മുസ്ലിം)കളാ
യിരിക്കെ; സകലവും
അവനിലേക്കു
മടങ്ങേണ്ടതുമായിരിക്കെ?"**

(ഖുർആൻ 3:83)

**"ഈ അനുസരണം (ഇസ്ലാം)
അല്ലാത്ത ഏതൊരു മാർഗം ആര്
കൈക്കൊണ്ടാലും അത് ഒരിക്കലും
സ്വീകരിക്കപ്പെടുന്നതല്ല.
പരലോകത്തിലോ, അവൻ
പരാജിതരിൽപ്പെട്ടവനായിരിക്കും."**

(ഖുർആൻ 3:85)

പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവത്തോട് അനുസരണക്കേട് കാണിക്കുന്നവർക്ക് ശിക്ഷ ലഭിക്കുമെന്ന് ഈ വാക്യങ്ങളിലൂടെ നമ്മുടെ സ്രഷ്ടാവ് മുന്നറിയിപ്പ് നൽകുന്നു. നമ്മുടെ യജമാനനോടുള്ള ഏറ്റവും വലിയ അനുസരണക്കേട് അവന് പങ്കുകാരെ ചേർക്കുക (ദൈവമല്ലാത്തതിനെ ആരാധിക്കുക) എന്നതാണ്. ആളുകൾ വ്യാപകമായി ചെയ്യുന്ന വളരെ ഗുരുതരമായ പാപമാണിത്. നമ്മെ സൃഷ്ടിച്ചു പരിപാലിക്കുകയും നമ്മുടെ മേൽ അതിരുകളില്ലാത്ത കരുണ ചൊരിയുകയും ചെയ്ത ദൈവം ഇതിനെതിരെ വളരെ ഗൗരവമായി മുന്നറിയിപ്പ് നൽകുന്നു:
"... നീ ആരെയും അല്ലാഹുവിന്റെ പങ്കാളിയാക്കരുത്. അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നത് മഹാ ധിക്കാരമാകുന്നു." *(ഖുർആൻ 31:13)*

ഈ വലിയ പാപം മനുഷ്യമനസ്സിൽ നിന്ന് സ്വന്തം പ്രവൃത്തികൾക്കുള്ള ഉത്തരവാദിത്വബോധം പോലും ഇല്ലാതാക്കുന്നു, കാരണം അത്

അവയിലെ ദൈവത്തിന്റെ
പ്രതിച്ഛായയെ വികലമാക്കുന്നു.
സത്യത്തിൽ സമൂഹത്തിൽ പാപങ്ങളും
തിന്മകളും വളരുന്നതിനുള്ള
മൂലകാരണം ഇതാണ്. കൂടാതെ, ഇത്
മനുഷ്യരാശിയെ ജാതികൾ,
ഗോത്രങ്ങൾ, വിഭാഗങ്ങൾ എന്നിങ്ങനെ
വിഭജിക്കുന്നു. ഇത് പൊറുക്കാനാവാത്ത
പാപമാണെന്ന് സർവ്വശക്തനായ
ദൈവം നമ്മെ ഓർമിപ്പിക്കുന്നു:

**"തനിക്ക് പങ്കാളികളുണ്ടെന്ന്
ആരോപിക്കപ്പെടുന്നത് അല്ലാഹു
ഒരിക്കലും പൊറുക്കുകയില്ലതന്നെ.
അതൊഴിച്ചുള്ളതൊക്കെയും
അവൻ
പൊറുത്തുകൊടുക്കാനിച്ഛിക്കുന്നവ
ർക്കു പൊറുത്തുകൊടുത്തേക്കാം.
അല്ലാഹുവിന് പങ്കാളിയെ
കൽപിക്കുന്നവൻ ദുർമാർഗത്തിൽ
ബഹുദൂരം
അകന്നുപോയിരിക്കുന്നു"** *(ഖുർആൻ 4:116)*

**“വേദക്കാരിലും
ബഹുദൈവാരാധകരിലും
സത്യനിഷേധികളായവരുണ്ടല്ലോ,
നിശ്ചയമായും അവർ
നരകാഗ്നിയിൽ ചെന്നെത്തുന്നതും**

അതിൽ ശാശ്വതമായി വസിക്കുന്നതുമാകുന്നു. ഇക്കൂട്ടരത്രെ, സൃഷ്ടികളിലേറ്റം നികൃഷ്ടരായവർ." *(ഖുർആൻ 98:6).*

ഇനി സ്വയം പരിശോധിക്കുക

ഖുർആൻ മനുഷ്യരാശിക്ക് ഈ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്; അതുകൊണ്ടുതന്നെ നമ്മൾ അതീവ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്. ഈ ഖുർആൻ നമ്മുടെ സ്രഷ്ടാവിൽ നിന്നുള്ള ഗ്രന്ഥമാണ്. അതിന്റെ ദൈവികത പരിശോധിക്കാൻ എല്ലാ മനുഷ്യരെയും ഖുർആൻ ക്ഷണിക്കുന്നു:

"എന്ത്, ഈ ജനം ഖുർആനിനെക്കുറിച്ചു ചിന്തിക്കുന്നില്ലേ? അല്ലാഹു അല്ലാത്ത മറ്റാരിൽനിന്നെങ്കിലും വന്നതായിരുന്നുവെങ്കിൽ അവർ അതിൽ നിരവധി വൈരുധ്യങ്ങൾ കാണുമായിരുന്നു." *(ഖുർആൻ 4:82)*

ഇതാണ് ഖുർആനിന്റെ വെല്ലുവിളി. ഖുർആൻ സൂക്ഷ്മമായി നിങ്ങൾക്ക് പരിശോധിക്കാം. മനുഷ്യർക്കും

സമൂഹത്തിനും ദോഷകരമായതോ അശാസ്ത്രീയമായതോ മനുഷ്യ ബുദ്ധിക്ക് നിരക്കാത്തതോ ആയ ഒന്നുംതന്നെ ഖുർആനിലില്ല; ഒരു വൈരുദ്ധ്യം പോലും നിങ്ങൾക്കതിൽ കാണാനും സാധിക്കില്ല.

പ്രിയ സഹോദരീ സഹോദരന്മാരേ. ഈ ഭൂമിയിൽ നമുക്ക് ഒരേയൊരവസരം മാത്രമേയുള്ളൂ. മരണാനന്തര ജീവിതമാണ് അനശ്വരമായിട്ടുള്ളത്. വിധിദിനവും സ്വർഗ്ഗവും നരകവും ഒക്കെ സത്യമാണ്. എന്തുകൊണ്ട് നിഷ്പക്ഷമായി അന്വേഷിച്ച്, നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം തിരിച്ചറിഞ്ഞു സത്യത്തിന്റെയും സമാധാനത്തിന്റെയും പാതയിലേക്ക് വന്നുകൂടാ? നമ്മുടെ പരിമിതമായ ഈ സമയം അവസാനിക്കുന്നതിന് മുമ്പ്?